**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 498** **08-06-2021 - ൽ മറുപടിയ്ക്ക്**

**കുഴൽമന്ദം സബ്‌രജിസ്ട്രാർ ഓഫീസ് കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | Shri. V. N. Vasavan<br>(സഹകരണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം സബ്‌രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളെന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കൈമാറുകയും നിർമ്മാണ പ്രവർത്തനങ്ങൾ 17.09.2019-ന് ആരംഭിക്കുകയുമുണ്ടായി. കുഴൽക്കിണർ നിർമ്മാണം പൂർത്തിയായിട്ടുള്ളതും, ഫൗണ്ടേഷൻ ജോലികൾ ആരംഭിച്ചിട്ടുള്ളതുമാണ്. എന്നാൽ ശ്രീ.കെ.വി.വിജയകുമാരൻ എന്നയാൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ട്രൈബ്യൂണലിൽ Apl. 658/19, IA 1429/2019 നമ്പരായി ഫയൽ ചെയ്ത ഹർജികളിൽ ബിൽഡിംഗ് പെർമിറ്റ് സ്റ്റേ ചെയ്തിട്ടുള്ള സാഹചര്യത്തിൽ നിർമ്മാണ-പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്. |
| (ബി) | പ്രസ്തുത കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്താമോ; | (ബി) | നികുതി വകുപ്പിനെ കൂടി ആവശ്യ കക്ഷിയായി ഉൾപ്പെടുത്തി അതുവഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ട്രൈബ്യൂണലിൽ നിന്നുള്ള സ്റ്റേ നീക്കികിട്ടുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാനും സർക്കാരിനെ പ്രതിനിധീകരിച്ച് കേസ് നടത്തുന്നതിനും ജില്ലാ രജിസ്ട്രാറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത കെട്ടിട നിർമ്മാണം ഉടൻ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | കെട്ടിട നിർമ്മാണം പുനരാംഭിക്കുന്നതിലേക്കായി ട്രൈബ്യൂണലിന്റെ സ്റ്റേ നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ